©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 15<br>Vol. XV | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2026 ആഗസ്റ്റ് 24<br>24th August 2026<br>1202 ചിങ്ങം 8<br>8th Chingam 1202<br>1948 ഭാദ്രം 2<br>2nd Bhadra 1948 | നമ്പർ<br>No. | 2352 |

### കളക്ടറേറ്റ്, എറണാകുളം

[കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007, വകുപ്പ് 6(1)(b)]
(ഹാജർ: പ്രിയങ്ക ജി., ഐ.എ.എസ്., ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം.)

### ഉത്തരവ്

DCEKM/6448/2026-M7 *24.08.2026*

എറണാകുളം ജില്ല, വേങ്ങൂർ വെസ്റ്റ് വില്ലേജ്, നെടുങ്ങപ്ര കരയിൽ കല്ലിട്ടുംമ്പിൽ വീട്ടിൽ രാമചന്ദ്രൻ മകൻ 30 വയസ്സുള്ള അമൽ പേർക്ക്,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താങ്കൾ കൊലപാതക ശ്രമം, ദേഹോപദ്രവം, കഠിന ദേഹോപദ്രവം അതിക്രമിച്ച് കടക്കൽ, ന്യായവിരോധമായി സംഘം ചേരൽ, ആയുധ നിയമ പ്രകാരമുള്ള കേസ്സ്, തുടങ്ങി ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ അദ്ധ്യായ പ്രകാരമുള്ള 6-ഓളം കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട് തുടർച്ചയായി സമാധാന ലംഘന പ്രവർത്തനങ്ങൾ നടത്തിയും, ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും, പൊതുജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സം സൃഷ്ടിച്ചും വരികയാണ്. ടിയാനെതിരെ പോലീസ് യഥാസമയം നിയമപരമായ നടപടികൾ സ്വീകരിച്ചിട്ടും, ടിയാൻ ജാമ്യത്തിൽ ഇറങ്ങിയും മറ്റും വീണ്ടും തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട്, പൊതുജനങ്ങളുടെ സ്വൈര്യ ജീവിതത്തിന് തടസ്സം സൃഷ്ടിച്ച് വരികയാണെന്നും, പൊതുജന സമാധാനത്തിന് വിഘ്നം വരുത്തി കൊണ്ട് തുടർച്ചയായി കുറ്റകൃത്യങ്ങളില് ഏർപ്പെട്ട് വരുന്ന താങ്കളുടെ പ്രവർത്തനങ്ങളെ സ്ഥിരമായി നിരീക്ഷിക്കുന്നതിന് Order No.2773/4/RowdyHS/SDP/2015 Dated 11.08.2015 പ്രകാരം റൗഡി ഹിസ്റ്ററി ഷീറ്റ് ഓപ്പൺ ചെയ്ത് നടത്തം നിരീക്ഷിച്ച് വരുന്നതാണെന്നും താങ്കൾക്കെതിരെ കുറുപ്പംപടി പോലീസ് സ്റ്റേഷൻ ക്രൈം.217/2015 U /s 107 Cr.PC ( MC 21/2015 Bond Executed on 18.09.2015 for 1 Year) രജിസ്റ്റർ ചെയ്തിട്ടുള്ളതും, വീണ്ടും No.116/TD/2024- C1 Dated 17.03.2024 പ്രകാരം 107 Cr.PC പ്രകാരമുള്ള നടപടികൾക്കായി മുവാറ്റുപുഴ SDMC കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിരുന്നതും, ആയതിൽ താങ്കളിൽ നിന്നും സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങുവാൻ സാധിച്ചിട്ടില്ലാത്തതും, മുവാറ്റുപുഴ SDMC കോടതിയിൽ തുടർ നടപടികൾ അവസാനിപ്പിച്ചിട്ടുള്ളതും 10.09.2024 തീയതിയില് No.391/TD/2024/KPDY പ്രകാരം 126 BNSS പ്രകാരമുള്ള നടപടികൾക്കായി മുവാറ്റുപുഴ SDMC കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതും, ആയത് MC No.66/2025 ആയി കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതും, താങ്കളിൽ നിന്നും സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങുവാൻ സാധിച്ചിട്ടില്ലാത്തതുമാണ്.

തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് വന്നിരുന്ന താങ്കൾക്കെതിരെ Kerala Anti-Social Activities (Prevention) Act 2007, Sec. 3 (1) പ്രകാരം എറണാകുളം ജില്ലാ കളക്ടർ Order No. DCEKM/4931/2017-M7 Dated 23-07-2017 പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും, ടി ഉത്തരവിൻറെ അടിസ്ഥാനത്തിൽ 27-07-2017 തീയതി താങ്കളെ അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചുവന്നിരുന്നതും, 6 മാസത്തെ കരുതൽ തടങ്കലിന് ശേഷം താങ്കൾ ജയിൽ മോചിതനായിരുന്നതുമാണ്. തുടർന്ന് താങ്കൾ 13.07.2020 തീയതി കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 866/2020 U/s 143,147,148,323,324,427,308,212 r/w 149 IPC കേസിൽ ഉൾപ്പെട്ടിട്ടുള്ളതിനെ തുടർന്ന് ജില്ല കളക്ടർ Kerala Anti-Social Activities (Prevention) Act 2007, Sec.3(1), 13 (2) (i) പ്രകാരം Order No.DCEKM/8222/2020 - M7 Dated. 23-10-2020 ആയി കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും, 27-10-2020 തീയതി താങ്കളെ അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്നതും, 1 വർഷത്തെ കരുതൽ തടങ്കലിന് ശേഷം താങ്കൾ ജയിൽ മോചിതനായിരുന്നതുമാണ്.

തുടർന്നും താങ്കൾ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 233/2022 U/s 341,323,506,394 IPC കേസിൽ ഉൾപ്പെട്ടിട്ടുള്ളതിനെ തുടർന്ന് Kerala Anti-Social Activities (Prevention) Act 2007, Sec.3(1), 13 (2) (i) പ്രകാരം ജില്ല കളക്ടർ Order No.DCEKM/6769/2022-M7 Dated 18/08/2022 പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും, 23.08.2022 തീയതി താങ്കളെ അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്നതും, 1 വർഷത്തെ കരുതൽ തടങ്കലിന് ശേഷം താങ്കൾ ജയിൽ മോചിതനായിരുന്നതുമാണ്.

തുടർന്നും താങ്കൾ കുറുപ്പംപടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത 1) ക്രൈം.1093/2024, 2) ക്രൈം. 1114/2024 എന്നീ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളതിനെ തുടർന്ന് Kerala Anti-Social Activities (Prevention) Act 2007, Sec.3(1), 13 (2) (i) പ്രകാരമുള്ള നടപടിയ്ക്കായി ജില്ല കളക്ടർ Order No.DCEKM/12936/2024-M7 Dated 28/12/2024 പ്രകാരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിക്കുകയും, 29.12.2024 തീയതി താങ്കളെ അറസ്റ്റ് ചെയ്ത് വിയ്യൂർ സെൻട്രൽ ജയിലിൽ പാർപ്പിച്ചിരുന്നതുമാണ്. പ്രസ്തുത കരുതൽ തടങ്കൽ ഉത്തരവിനെതിരെ താങ്കൾ RC 08/2025 ആയി ബഹു. കാപ്പ ഉപദേശക സമിതിയെ സമീപിച്ചിരുന്നതും, ബഹു.കാപ്പ ഉപദേശക സമിതിയുടെ റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ബഹു. കേരള ആഭ്യന്തര വകുപ്പ് G.O (Rt) No.553/2025/HOME Dated 17.02.2025 പ്രകാരം 1 വർഷത്തേക്ക് കരുതൽ തടങ്കൽ ഉത്തരവ് ശരിവച്ചിരുന്നതുമാണ്. തുടർന്ന് താങ്കൾ പ്രസ്തുത കരുതൽ തടങ്കൽ ഉത്തരവിനെതിരെ ബഹു. കേരള ഹൈക്കോടതിയെ സമീപിച്ചിരുന്നതും, ആയതിൽ WP (CRL.) No 162 OF 2025 Dated 11.04.2025 പ്രകാരം കരുതൽ തടങ്കൽ ഉത്തരവ് ശരിവച്ചിരുന്നതും, താങ്കൾ 1 വർഷത്തെ കരുതൽ തടങ്കലിന് ശേഷം ജയിൽ മോചിതനായിരുന്നതുമാണ്.

മേല്പറഞ്ഞ നടപടികള് സ്വീകരിച്ച ശേഷവും ബഹു.കോടതിയുടെ ജാമ്യ വ്യവസ്ഥ ലംഘിച്ചും, കൂടാതെ മുൻകാലങ്ങളിൽ കാപ്പ നിയമം 3(1) പ്രകാരം 6 മാസവും, 3(1) r/w 13(2)(i) പ്രകാരം 1 വർഷം വീതം 3 പ്രാവശ്യവും നടപടികൾ സ്വീകരിച്ചിട്ടും താങ്കൾ വീണ്ടും വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടുവരുന്നതിനാൽ താങ്കളെ തുടർന്നും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ നിന്നും തടയുന്നതിന് 126 BNSS പ്രകാരമുള്ള നടപടികൾ പര്യാപ്തമല്ലെന്നും താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടഞ്ഞ് നാട്ടില് പൊതുജന സമാധാനം കാത്ത് സൂക്ഷിക്കുന്നതിന് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങള് (തടയൽ) നിയമത്തിലെ സെക്ഷൻ 3(1) r/w 13(2)(i) പ്രകാരമുള്ള നടപടിക്ക് വിധേയനാക്കിയാല് മാത്രമെ താങ്കളുടെ പൊതുജനസമാധാനലംഘന പ്രവർത്തനങ്ങളും, അക്രമ പ്രവർത്തനങ്ങൾക്കും തടയിടാന് സാധിക്കുകയുള്ളൂ എന്നും എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് ചെയ്തിരുന്നു. ജില്ലാ പോലീസ് മേധാവി സമർപ്പിച്ച ശുപാർശ റിപ്പോർട്ട്, അനുബന്ധമായി ചേർത്തിരുന്ന കേസ് റെക്കോർഡുകൾ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നും താങ്കൾ “അറിയപ്പെടുന്ന റൗഡി" എന്ന ഗണത്തിൽ പെടുന്നുവെന്നും, താങ്കൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമെന്നും, താങ്കളുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് മറ്റിതര മാർഗ്ഗങ്ങൾ ഇല്ലായെന്നും എനിക്ക് വസ്തുനിഷ്ഠമായും, ആത്മനിഷ്ഠമായും ബോധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പൊതുതാല്പര്യവും, പ്രദേശത്തെ പൊതുജനങ്ങളുടെ സമാധാന ജീവിതവും കണക്കിലെടുത്ത് താങ്കളെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 3(1) r/w 13(2)(i) പ്രകാരം അടിയന്തിരമായി കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവ് നമ്പർ: ഡി.സി.ഇ.കെ.എം./6448/2026/എം7 തീയതി:29.07.2026 പ്രകാരം എറണാകുളം ജില്ലാ മജിസ്ട്രേറ്റ് കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ 29.07.2026 തീയതി തന്നെ ജില്ലാ പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. കരുതൽ തടങ്കലിന് വിധിക്കപ്പെട്ടിട്ടുള്ള താങ്കളെ അറസ്റ്റ് ചെയ്ത് തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും പോലീസ് നടത്തിയെന്നും, എന്നാൽ താങ്കളെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്നും, ആയതിനാൽ KAAPA നിയമത്തിലെ വകുപ്പ് 6(1)(a)(b) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ച് ജില്ലാ പോലീസ് മേധാവി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ ഉത്തരവ് വിജ്ഞാപനം ചെയ്ത് 7 ദിവസത്തിനകം താങ്കൾ കുറുപ്പംപടി പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ & സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(1)(b) പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. അല്ലാത്ത പക്ഷം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താങ്കൾക്കെതിരെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(3) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പ്രിയങ്ക ജി., ഐ.എ.എസ്.
ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by V JAYAKUMAR
Date:2026.08.29 02:01:00 +05:30